പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1981 14.07.2011- ലെ മറുപടി

## തിരുവനന്തപുരം ജില്ലയിലെ ഗ്രാമീണ-തീരപ്രദേശ മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

ചോദ്യം

ഉത്തരം

ശ്രീ.വി.പി.സജീന്ദ്രൻ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ ഗ്രാമീണ-തീരപ്രദേശ മേഖലകളിൽ അധിവസിക്കുന്ന സാധാരണക്കാരായ ജനങ്ങളുടെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ ഗ്രാമീണ മേഖലയിൽ ചിലയിടങ്ങളിൽ യാത്രാക്ലേശം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. JnNURM പദ്ധതിപ്രകാരമുള്ള ബസ്സുകളും ഇപ്പോൾ ഗ്രാമീണ-തീരപ്രദേശ മേഖലകളിൽ സർവ്വീസ് നടത്തിവരുന്നുണ്ട്. JnNURM പദ്ധതിപ്രകാരമുള്ള ബാക്കി ബസ്സുകളും കെ.എസ്.ആർ.ടി.സി. പുതിയതായി വാങ്ങുവാൻ ഉദ്ദേശിക്കുന്ന ബസ്സുകളും നിരത്തിലിറങ്ങി തുടങ്ങുന്നതോടെ തിരുവനന്തപുരം ജില്ലയിലെ യാത്രാക്ലേശം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്. |
| (ബി) | വികാസ് ഭവൻ സിറ്റി ഡിപ്പോയിൽ നിന്നും തിരുവല്ലം പരശുരാമക്ഷേത്രം-വണ്ടിത്തടം-വിഴിഞ്ഞം-പൊഴിയൂർ മഹാദേവക്ഷേത്രം വഴി ബസ് സർവ്വീസ് ആരംഭിച്ച് മടക്കയാത്ര അതേ റൂട്ടിലൂടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അവസാനിക്കുന്ന സർവ്വീസ് ആരംഭിക്കുമോ; | (ബി) | വികാസ് ഭവൻ യൂണിറ്റിൽ നിന്നും നിലവിൽ തിരുവല്ലം ബൈപാസ് വഴി വിഴിഞ്ഞം ചപ്പാത്തിലേക്ക് ഒരു സർവ്വീസുണ്ട്. മെഡിക്കൽ കോളേജിലേക്ക് ജില്ലയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും സർവ്വീസ് ഉള്ളതിനാൽ, ആവശ്യപ്പെട്ട സർവ്വീസ് ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |

| | | | |
|---|---|---|---|
| (സി) | പേരൂർക്കട സിറ്റി ഡിപ്പോയിൽ നിന്നും തിരുവല്ലം പരരശുരാമക്ഷേത്രം-വണ്ടിത്തടം - വിഴിഞ്ഞം-പൊഴിയൂർ മഹാദേവർ ക്ഷേത്രം വരെയും തിരിച്ച് അതേ റൂട്ടിലൂടെ കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിലേക്ക് സർവ്വീസ് നടത്തുന്നതിനും ഉത്തരവ് നൽകാമോ; | (സി) | പേരൂർക്കട നിന്നും തിരുവല്ലം വഴി പൂങ്കുളം സെൻട്രൽ ഗവൺമെന്റ് ഓഫീസേഴ്സ് (സി.ജി.ഒ) കോംപ്ലക്സിലേക്ക് രാവിലെയും വൈകുന്നേരവും ഓരോ സർവ്വീസ് നിലവിലുണ്ട്. പുറമെ വിവിധ സ്ഥലങ്ങളിൽ നിന്ന് കുടപ്പനകുന്ന് സിവിൽ സ്റ്റേഷനിലേക്ക് നിലവിൽ ആവശ്യത്തിന് സർവ്വീസ് നടത്തിവരുന്നുണ്ട്. ആയതിനാൽ ആവശ്യപ്പെട്ട സർവ്വീസ് ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |
| (ഡി) | പാപ്പനംകോട് സിറ്റി ഡിപ്പോയിൽ നിന്നും വെള്ളായണി ക്ഷേത്രം-കല്ലിയൂർ-കാർഷിക കോളേജ് -പാലപ്പൂര്-തിരുവല്ലം പരശുരാമക്ഷേത്രം വഴി തിരുവനന്തപുരം, മെഡിക്കൽ കോളേജ്, കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷൻ തുടങ്ങിയ ഭാഗത്തേക്കും തിരിച്ചും സ്ഥിരം ബസ് ഷെഡ്യൂൾ നടത്തി പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഡി) | കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിലേക്കും മെഡിക്കൽ കോളേജിലേക്കും നഗരത്തിൽ നിന്നും പ്രാന്തപ്രദേശങ്ങളിൽ നിന്നും ആവശ്യത്തിന് സർവ്വീസുകൾ നിലവിൽ കെ.എസ്.ആർ.ടി.സി നടത്തിവരുന്നതിനാൽ ആവശ്യപ്പെട്ട സർവ്വീസ് ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |
| (ഇ) | വിഴിഞ്ഞം നഗരസഭാ മേഖല കേന്ദ്രമാക്കി പുതിയ സിറ്റി ഡിപ്പോ ആരംഭിച്ച് ഊരമ്പ്, കൊല്ലങ്കോട്, കുളത്തൂർ, പൊഴിയൂർ പ്രദേശങ്ങളെ നെയ്യാറ്റിൻകര, കാട്ടാക്കട, തിരുവനന്തപുരം എയർപോർട്ട്, മെഡിക്കൽ കോളേജ്, കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷൻ, വെട്ടുകാട്, വേളി പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിൽ വിഴിഞ്ഞത്ത് കെ.എസ്.ആർ.ടി.സി. യുടെ ഒരു ഡിപ്പോ ഉള്ളതിനാൽ പുതിയ സിറ്റി ഡിപ്പോ തുടങ്ങുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് ഇപ്പോൾ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ